(എ) സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കേരളത്തിൽ നിന്നും കഴിഞ്ഞ വർഷം പതിനായിരത്തോളം ഹാജിമാർ ഹജ്ജിന് പോയിരുന്നതിൽ പകുതിയിലേറെ തീർത്ഥാടകരും വനിതകളായിട്ടും സർക്കാർ നിയമിച്ച മുപ്പത് വാളണ്ടിയർമാരിൽ സ്ത്രീകളാരും ഇല്ലായിരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വനിതകളായ തീർത്ഥാടകർക്ക് ഉണ്ടായ കഷ്ടപ്പാടുകളും പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളും വനിതാ തീർത്ഥാടകർക്കായി വനിതാ വാളണ്ടിയർമാരെ നിയോഗിക്കുന്നതുപോലെ ഗവൺമെന്റ് ഹജ്ജ് കമ്മിറ്റി മുഖേന പോകുന്ന വനിതകൾക്ക് ഈ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) 2005-ൽ നടക്കാൻ പോകുന്ന ഹജ്ജിന് വനിതാ വാളണ്ടിയർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കേരളത്തിൽ നിന്നും കഴിഞ്ഞ വർഷം ഹാജിമാരുടെ സേവനത്തിനായി 19 വാളണ്ടിയർമാരെയാണ് തെരഞ്ഞെടുത്ത് അയച്ചിട്ടുള്ളത്. ഇതിൽ സ്ത്രീകളാരും ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ രേഖാമൂലമുള്ള പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല.

(സി) കേന്ദ്ര ഗവൺമെന്റിന്റെ നിലവിലുള്ള നിയമപ്രകാരം ഹാജിമാരുടെ സേവനത്തിനായി വനിതാ വാളണ്ടിയർമാരെ തെരഞ്ഞെടുത്തയയ്ക്കുവാൻ വ്യവസ്ഥയില്ല.

(ഡി) 2006-ലെ ഹജ്ജിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം പുരുഷ വാളണ്ടിയർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിലുള്ള നിയമ പ്രകാരം വനിതാ വാളണ്ടിയർമാരെ നിയമിക്കുവാൻ വ്യവസ്ഥയില്ല.

ദിനേശ് ബീഡി സഹകരണ സംഘത്തിലെ തൊഴിലാളികൾ

56 [2193] ശ്രീ. എം. മുരളി:
,, പി. ടി. തോമസ്:
,, ജി. പ്രതാപവർമ്മ തമ്പാൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിനേശ് ബീഡി സഹകരണ സംഘത്തിലെ തൊഴിലാളികളിൽ നിന്ന് ഇതുവരെ എത്ര പേരെ കുറവ് ചെയ്തു;

(ബി) ദിനേശ് ബീഡി തൊഴിലാളികളുടെ ശമ്പളത്തിൽ കുറവു വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് കുറവ് വരുത്തിയെന്നും തൻമൂലം സംഘത്തിന് എന്ത് ലാഭമുണ്ടായി എന്നും വെളിപ്പെടുത്താമോ;

(സി) ഇതിനനുസൃതമായി ഇതിന്റെ ഭരണ ചെലവിൽ കുറവുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദിനേശ് ബീഡി സഹകരണ സംഘത്തിലെ 14,183 തൊഴിലാളികളെ ഇതുവരെ കുറവ് ചെയ്തു.

(ബി) ദിനേശ് ബീഡി സഹകരണസംഘത്തിലെ തൊഴിലാളികളുടെ കൂലിയിൽ കുറവ് വരുത്തിയിട്ടില്ല. എന്നാൽ ഉൽപ്പാദനം മാർക്കറ്റിനനുസരിച്ച് ക്രമീകരിച്ചിട്ടുണ്ട്. ലാഭം ഉണ്ടായിട്ടില്ല. ചെലവിൽ കുറവ് വന്നിട്ടുണ്ട്.

(സി) ഭരണച്ചെലവിൽ കുറവ് വന്നിട്ടുണ്ട്.

എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്തെ വിദേശ നിക്ഷേപം

57 [2194] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, ബി. വിജയകുമാർ:
,, വി. ഡി. സതീശൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ 2001 വരെ ഭരിച്ചിരുന്ന എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് എന്ത് തുകയ്ക്കുള്ള വിദേശ നിക്ഷേപം ഉണ്ടായി;

(ബി) ഇക്കാലത്ത് എത്ര പുതിയ വൻകിട വ്യവസായങ്ങൾ ആരംഭിച്ചു; അതിൽ എത്രപേർക്ക് തൊഴിൽ കിട്ടി?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം

58 [2195] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, എ. കെ. ബാലൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) പുനരുദ്ധാരണത്തിന്റെയും വൈവിദ്ധ്യവൽക്കരണത്തിന്റെയും പുനഃസംഘടനയുടേയും ഭാഗമായി ഏതെങ്കിലും വ്യവസായങ്ങളെ നഷ്ടത്തിൽ നിന്നും ലാഭത്തിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളെ സർക്കാർ ഉടമയിൽ തന്നെ സംരക്ഷിക്കാനുള്ള എന്തെങ്കിലും ശ്രമം സർക്കാർ നടത്തിയിട്ടുണ്ടോ; എന്തെങ്കിലും സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly